28-08-2021

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 28/08/2021

1. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ മൃഗചികിൽസ പഠന സമുച്ചയത്തിൽ സെപ്റ്റംബർ ഒന്നിന് ആരംഭിക്കുന്ന ''വെറ്ററിനറി നേഴ്സിങ്ങ്, ലബോറട്ടറി സാങ്കേതികവിദ്യ, ഫാർമസി'' എന്നിവയിൽ ആറു മാസം നീളുന്ന സ്റ്റൈപ്പെന്റോടുകൂടിയ പരിശീലനത്തിന് താല്പര്യമുള്ള അപേക്ഷകർ ഈ മാസം 31-ന് (ഓഗസ്റ്റ് 31) രാവിലെ 10 മണിക്ക് സ്ഥാപനത്തിൽ വച്ച് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. മൃഗസംരക്ഷണം (ലൈവ്സ്റ്റോക്ക്മാനേജ്മെന്റ്), പൗൾട്രി സയൻസ്, ഡെയറി ടെക്നോളജി എന്നീ വിഷയങ്ങൾ ഐച്ഛികമായി എടുത്ത് വൊക്കേഷണൽ ഹയർസെക്കണ്ടറി പാസായവർക്ക് അപേക്ഷിക്കാം. വെറ്ററിനറി സർവകലാശാലയുടെ വിവിധ ഡിപ്ലോമകോഴ്സുകൾ പാസായവർക്ക് മുൻഗണന. അപേക്ഷിയ്ക്കാനായുള്ള ഉയർന്ന പ്രായപരിധി 25 വയസ്സ്. വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ബയോഡാറ്റ, സമീപകാലത്തെടുത്ത ഫോട്ടോ, ഹയർസെക്കണ്ടറി സർട്ടിഫിക്കറ്റ്, എസ്സ്.എസ്സ്.എൽ.സി സർട്ടിഫിക്കറ്റ്, മറ്റു യോഗ്യതകൾ ഉണ്ടെങ്കിൽ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും കോപ്പികളും അപേക്ഷകർ കൊണ്ടു വരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 9387387023, 9447153448 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

2. റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായി 0481 – 2576622 എന്ന കോൾസെന്റർ നമ്പരിൽ വിളിയ്ക്കാവുന്നതാണ്..

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില.

മുൻകൂട്ടി ബുക്ക് ചെയ്യവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

4. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2021 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റിലുളള** ഒരു വർഷ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 31-ന് മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. **0471-2476020, 0474-2475051, 9446446632, 9567305895, 0471 2339899.**

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഈ മാസം 31-ന് (31.08.2021) രാവിലെ 11 മണി മുതൽ **മത്സ്യകൃഷിയിലെ ജൈവസുരക്ഷിതത്വം (Biosecurity in Aquaculture)** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

**6.** കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 01-ന് (01/09/2021 ന ) രാവിലെ 11 മണിക്ക് **"ക്ഷീരസംഘം ജീവനക്കാരുടെ പെൻഷൻ പദ്ധതി"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം